പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1475 — 15.06.2012 ൽ മറുപടിയ്ക്ക്

## വിശപ്പുരഹിതനഗരം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ഡോ. എം.കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ | 'വിശപ്പുരഹിതനഗരം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | എ | നഗരങ്ങളിൽ എത്തിച്ചേരുന്ന ഓരോ വ്യക്തിയും ഒരു ദിവസം ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കണം എന്ന ലക്ഷ്യത്തോടു കൂടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് വിശപ്പുരഹിത നഗരം പദ്ധതി. ടി പദ്ധതി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് 26/01/2009-ൽ ആരംഭിച്ച് പ്രതിദിനം രണ്ടായിരത്തിൽ പരം ഗുണഭോക്താക്കൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. 26/01/2009 മുതൽ 31/01/2010 വരെയുള്ള കാലയളവിൽ മിഷൻ നേരിട്ടുതന്നെ പദ്ധതി നടപ്പാക്കുകയും 78.94 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി. കൂടാതെ ആധുനിക രീതിയിലുള്ള കിച്ചൺ പണിയുന്നതിന് 67.83 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.<br><br>പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം 01/02/2011 മുതൽ കോഴിക്കോട് കോർപ്പറേഷൻ ഏറ്റെടുക്കുകയും പദ്ധതി ചെലവുകളുടെ തുക മിഷൻ നൽകിവരികയുമാണ്. 31/01/2011 വരെ ഒരു ഊണിന് 8.50 പൈസ നിരക്കിലും തുടർന്ന് 12.50 പൈസ നിരക്കിലുമാണ് നൽകിവരുന്നത്. |

| | | | |
|---|---|---|---|
| ബി | ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്; | ബി | വിശപ്പുരഹിതനഗരം പദ്ധതി 26/01/2009 - മുതൽ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രി യോടനുബന്ധിച്ച് നടപ്പിലാക്കി വരുന്നു. |
| സി | ഈ വർഷം ഏതെല്ലാം നഗര ങ്ങളിലാണ് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ? | സി | നടപ്പു സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ നഗരങ്ങളിൽ കൂടി വിശപ്പുരഹിതനഗരം പദ്ധതി വ്യാപി പ്പിക്കാൻ ഉദ്ദേശിക്കുന്നു. |

R. [signature]

സെക്ഷൻ ഓഫീസർ